## കേരള എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ (കീം 2022)

### പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- പരീക്ഷ എഴുതുന്ന വിദ്യാർത്ഥി അഡ്മിറ്റ് കാർഡ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്. കൂടാതെ ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, പാൻ കാർഡ്, ഇലക്ഷൻ ഐഡി, ഫോട്ടോ പതിച്ച ദേശസാൽകൃത ബാങ്ക് പാസ്ബുക്ക് ആധാർകാർഡ്, ഇ ആധാർ, പന്ത്രണ്ടാം ക്ലാസിലെ ഫോട്ടോ പതിച്ച ഹാൾടിക്കറ്റ്, വിദ്യാർത്ഥി പ്ലസ് ടു പഠനം പൂർത്തിയാക്കിയ സ്ഥാപനത്തിന്റെ മേധാവി നൽകുന്ന വിദ്യാർത്ഥിയുടെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ നൽകുന്ന ഫോട്ടോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ കരുതേണ്ടതാണ്.
- പരീക്ഷ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ മാസ്ക് നിർബന്ധമായും ധരിക്കേണ്ടതും, കൈകൾ സാനിറ്റൈസ് ചെയ്യേണ്ടതുമാണ്.
- വിദ്യാർത്ഥികൾ അവശ്യം വേണ്ട സാമഗ്രികൾ (പേന, വെള്ളം, ഉച്ചഭക്ഷണം) എന്നിവ കൈയ്യിൽ കരുതേണ്ടതാണ്.
- മൊബൈൽ ഫോൺ, കാൽക്കുലേറ്റർ, ഇലക്ട്രോണിക് വാച്ച്/സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ പരീക്ഷാ ഹാളിൽ അനുവദനീയമല്ല.
- പരീക്ഷാ ഹാളിൽ ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളൂ.
- വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്.
- രാവിലെയും ഉച്ചയ്ക്കുശേഷവും പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ അവർക്കാവശ്യമായ കുടിവെള്ളം, ഭക്ഷണം എന്നിവ കരുതേണ്ടതാണ്.
- ഉച്ചഭക്ഷണവേളയിൽ വിദ്യാർത്ഥിക്ക് ആവശ്യമെങ്കിൽ പുറത്ത് പോകാവുന്നതാണ്. എന്നാൽ ഉച്ചയ്ക്കുശേഷമുള്ള പരീക്ഷയക്ക് നിശ്ചയിച്ചിട്ടുള്ള സമയത്തിനുള്ളിൽ പരീക്ഷ ഹാളിൽ ഹാജരാകേണ്ടതാണ്.
- ഉപയോഗശേഷമുള്ള മാസ്ക് , കൈയുറകൾ എന്നിവ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലേക്ക് പുറപ്പെടുന്നത് മുതൽ തിരികെ എത്തുന്നതുവരെയുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം/ആവശ്യമായ മാസ്കുകൾ കരുതേണ്ടതാണ്.

- കോവിഡ് ബാധിതരായ വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡിൽ നൽകിയിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിന്റെ ഫോണിൽ ബന്ധപ്പെട്ട് അസുഖവിവരം അറിയിക്കേണ്ടതാണ്. കോവിഡ് ബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് പ്രത്യേക സൗകര്യം സജ്ജമാക്കുന്നതാണ്.
- കോവിഡ് പോസിറ്റീവ് ആയിട്ടുള്ളവർ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശം പാലിച്ച് കോവിഡ് സുരക്ഷാ മാനദണ്ഡ പ്രകാരം പരീക്ഷ എഴുതാൻ സന്നദ്ധരാകേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**